ക്രമ നമ്പർ	ആനുകൂല്യം	എണ്ണം	തുക
1	പെൻഷൻ	1790	95,86,700
2	കുടുംബ പെൻഷൻ	3	9,250
3	മരണാനന്തര ധനസഹായം	393	1,16,70,998
4	ചികിത്സാ സഹായം	327	42,25,420
5	വിവാഹ ധനസഹായം	346	24,05,000
6	പ്രസവാനുകൂല്യം	5	15,000
7	വിദ്യാഭ്യാസ ഗ്രാന്റ്	120	2,65,500

പ്രവാസി ക്ഷേമനിധി പെൻഷൻ

77 (T.* 2909 ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരള ക്ഷേമനിധിയിൽ എത്രനാൾ അംശാദായം അടയ്ക്കുന്നവർക്കാണ് പെൻഷന് യോഗ്യതയുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അംശാദായം അടയ്ക്കുന്നതിൽ പിഴവ് വരുത്തുന്നവർക്ക് സ്വമേധയാ അംഗത്വം നഷ്ടപ്പെടുമോ;

(സി) അംഗത്വം നഷ്ടപ്പെടുമെങ്കിൽ, പുനഃസ്ഥാപിക്കുവാൻ മാർഗ്ഗങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത 60 വയസ്സ് പൂർത്തിയായതും 5 വർഷത്തിൽ കുറയാത്ത കാലം മുടക്കം കൂടാതെ അംശാദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ബി) ഒരു വർഷമോ അതിലധികമോ അംശാദായ അടവിൽ വീഴ്ച വരുത്തുന്ന അംഗങ്ങളുടെ അംഗത്വം സ്വമേധയാ റദ്ദാക്കുന്നതാണ്.

(സി) ഉണ്ട്. ഒരു വർഷമോ അതിലധികമോ അംശാദായ അടവിൽ വീഴ്ച വരുത്തി അംഗത്വം സ്വമേധയാ റദ്ദായ അംഗങ്ങൾ 15 ശതമാനം പിഴയും കുടിശ്ശികയായിട്ടുള്ള അംശദായത്തുകയും ചേർത്ത് അടച്ച് അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്.

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly